(ബി) കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി കേന്ദ്രത്തിൽ നിന്നും ലഭിച്ച ആകെ തുക

വർഷം	ലഭിച്ച തുക (രൂപ കോടിയിൽ)
2001-02	443.88
2002-03	285.40
2003-04	331.97
2004-05	വിശദമായ കണക്കുകൾ തയ്യാറായിട്ടില്ല

പ്രസ്തുത വർഷങ്ങളിൽ ചെലവഴിച്ച തുക

വർഷം	ചെലവഴിച്ച തുക (രൂപ കോടിയിൽ)
2001-02	321.73
2002-03	466.21
2003-04	407.78
2004-05	വിശദമായ കണക്കുകൾ തയ്യാറായിട്ടില്ല

വർഷാന്ത്യത്തിൽ ലഭിക്കുന്ന കേന്ദ്രസഹായം അതാത് വർഷം പൂർണ്ണമായും വിനിയോഗിക്കാൻ കഴിയാതെ വന്നാൽ പ്രസ്തുത തുക തൊട്ടടുത്ത സാമ്പത്തിക വർഷത്തിൽ വിനിയോഗിക്കുകയാണ് പതിവ്.

(സി) കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് അനുവദിക്കുന്ന തുക അതത് വർഷം വിനിയോഗിക്കാൻ കഴിയാതെ വന്നാൽ പ്രസ്തുത തുക തൊട്ടടുത്ത സാമ്പത്തിക വർഷത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ അനുമതിയോടുകൂടി ചെലവഴിക്കാവുന്നതാണ്. അതിനാൽ പ്രസ്തുത തുക പാഴായി പോകുന്ന സാഹചര്യം അപൂർവ്വമായി മാത്രമേ ഉണ്ടാകാറുള്ളൂ.

ആഭ്യന്തര വിഭവ സമാഹരണം വഴി പിരിച്ചെടുത്ത തുക

7 [185] *ശ്രീ. എം. വി. ജയരാജൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003-04, 2004-05 എന്നീ സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തിന്റെ ആഭ്യന്തര വിഭവ സമാഹരണമായി എന്തു തുകയാണ് ബഡ്ജറ്റിൽ വിഭാവനം ചെയ്തിരുന്നത്; ഇതിൽ ഓരോ വർഷവും എന്ത് തുക വീതം പിരിച്ചെടുത്തു;

(ബി) ആഭ്യന്തര വിഭവ സമാഹരണം പ്രസ്തുത രണ്ടു വർഷങ്ങളിൽ ബഡ്ജറ്റിൽ വിഭാവനം ചെയ്തിരുന്നതിനേക്കാൾ കുറഞ്ഞിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) നടപ്പു സാമ്പത്തിക വർഷത്തേയ്ക്ക് വിഭാവനം ചെയ്തിരുന്ന ആഭ്യന്തര വിഭവ സമാഹരണം എത്രയായിരുന്നു; ഇതിൽ ഇതുവരെ എന്തു തുക സമാഹരിക്കപ്പെട്ടുവെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ആഭ്യന്തര വിഭവ സമാഹരണമായി 2003-04, 2004-05 എന്നീ വർഷങ്ങളിലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് യഥാക്രമം 9451.79 കോടി രൂപയും 10710.59 കോടി രൂപയും ആയിരുന്നു. ഇതിൽ 2003-04 ൽ സമാഹരിച്ചത് 88-95.76 കോടി രൂപയും 2004-05-ൽ 9723.91 (അക്കൗണ്ടന്റ് ജനറലിന്റെ താല്ക്കാലിക കണക്ക് പ്രകാരം) കോടി രൂപയും ആയിരുന്നു.

(ബി) 8% കുറവു വന്നിട്ടുണ്ട്. പ്രധാനമായും വില്പന നികുതിയിലും എക്സൈസിലും ആണ് കുറവു വന്നിട്ടുള്ളത്.

(സി) നടപ്പുസാമ്പത്തിക വർഷത്തേയ്ക്ക് വിഭാവനം ചെയ്തിരുന്ന ആഭ്യന്തര വിഭവ സമാഹരണം 11949.93 കോടി രൂപയാണ്. 30-4-2005 വരെയുള്ള താല്ക്കാലിക കണക്കുകൾ മാത്രമേ അക്കൗണ്ടന്റ് ജനറൽ ലഭ്യമാക്കിയിട്ടുള്ളൂ. ടി താല്ക്കാലിക കണക്കനുസരിച്ച് 30-4-2005 വരെ 477.59 കോടി രൂപ സമാഹരിച്ചിട്ടുണ്ട്.

വിവിധ വികസനപ്രവർത്തനങ്ങൾക്കായി വകയിരുത്തിയ തുക

8 [186] *ശ്രീ. എം. വി. ജയരാജൻ* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) ആരോഗ്യം, വിദ്യാഭ്യാസം, കൃഷി, വ്യവസായം എന്നീ വകുപ്പുകളിലെ വിവിധ വികസനപ്രവർത്തനങ്ങൾക്കായി 2003-04, 2004-05 എന്നീ വർഷങ്ങളിൽ എന്തു തുക വീതമാണ് ബഡ്ജറ്റിൽ വിഭാവനം ചെയ്തിരുന്നത്;

(ബി) ഇതിൽ എന്തു തുക വീതം ഓരോ വകുപ്പിലും വകയിരുത്തിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആരോഗ്യം, വിദ്യാഭ്യാസം, കൃഷി, വ്യവസായം എന്നീ വകുപ്പുകളിലെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി 2003-04, 2004-05 എന്നീ വർഷങ്ങളിൽ ബഡ്ജറ്റിൽ വിഭാവനം ചെയ്ത തുക (പ്രവർത്തിയിനത്തിൽ) താഴെ പറയും പ്രകാരമാണ്.

തുക (കോടിയിൽ)

വകുപ്പ്	*2003-04*	*2004-05*
ആരോഗ്യം	202.89	200.60
വിദ്യാഭ്യാസം	144.46	171.38
കൃഷി	183.76	179.07
വ്യവസായം	228.95	225.37

LIBRARY ARCHIVES Kerala Legislative Assembly